LIBRARY ARCHIVES Kerala Legislative Assembly

ഏഴിമല നാവിക അക്കാദമിയിലേക്കുള്ള ജലവിതരണം

57 [2774] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നാവിക അക്കാദമിയിലേക്ക് ജലവിതരണം നടത്തുന്നതിനാവശ്യമായ 450 എം. എം. വ്യാസമുള്ള പൈപ്പ് ലൈൻ പയ്യന്നൂർ നഗരത്തിലെ പ്രധാന റോഡിൽ തന്നെ കുഴി എടുത്ത് സ്ഥാപിച്ചതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതേ വ്യാസത്തിലും ഇതേ ദൈർഘ്യത്തിലും ഇപ്പോഴുള്ള എസ്റ്റിമേറ്റ് ചെലവിൽ തന്നെ പൈപ്പ് ലൈൻ സമാന്തരമായുള്ള മറ്റൊരു റോഡിലൂടെ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പയ്യന്നൂർ നഗരസഭ ജല അതോറിറ്റിക്ക് സമർപ്പിക്കുകയുണ്ടായോ;

(സി) എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ഇതുവരെ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പൈപ്പ് ലൈൻ ഇതുവരെ സ്ഥാപിച്ചിട്ടില്ല.

(ബി) സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം കേരള വാട്ടർ അതോറിറ്റി 2004 മേയിൽ അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഒറിജിനൽ പ്രൊപ്പോസൽ വഴി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള സ്ഥലത്തിന്റെ അംഗീകാരം പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ അനുമതി ലഭിക്കാത്തതിനാൽ അവർ നിർദ്ദേശിച്ച മറ്റൊരു റോഡിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

തമലം ത്രിവിക്രമംഗലം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിന് സംരക്ഷണം നൽകുന്നതിന് നടപടി

58 [2775] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തമലം ത്രിവിക്രമംഗലം ക്ഷേത്രത്തിന്റെ ഉടമസ്ഥയിലുള്ള നേമം വില്ലേജിലെ സർവേ നമ്പർ 26/3 (ബി) പ്രകാരമുള്ള 2 ഏക്കർ വസ്തു സംരക്ഷിക്കുന്നതിനായി കരമനയാറിന്റെ കരയിൽ

വസ്തു സംരക്ഷണ ഭിത്തി കെട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ ദേവസ്വം പ്രസിഡന്റ് നൽകിയിട്ടുള്ള കത്ത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിൽ ഇതിൻപ്രകാരം എന്ത് നടുപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് സംരക്ഷണ ഭിത്തി കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത വസ്തുവിന്റെ ഒരു ഭാഗം സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ജില്ലാതല സാങ്കേതിക സമിതി പാസ്സാക്കി അംഗീകാരത്തിനായി തിരുവനന്തപുരം ജില്ലാ കലക്ടർ മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് ബാക്കി ഭാഗത്തെ സംരക്ഷണ പ്രവൃത്തി പരിഗണിക്കാവുന്നതാണ്.

(സി) ഉദിക്കുന്നില്ല.

പയ്യന്നൂർ നഗരസഭയിലെ എൽ. ഐ. സി. ധനസഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതി

59 [2776] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ എൽ.ഐ.സി. ധനസഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) ഇതിനാവശ്യമായ തുക എൽ.ഐ.സി.-യിൽ നിന്നും ജല അതോറിറ്റിക്ക് കൈമാറിക്കഴിഞ്ഞോ;

(സി) ഇപ്പോൾ ഈ ശുദ്ധജലവിതരണ പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുവാനും അടുത്ത വേനൽക്കാലത്തിനു മുമ്പ് പദ്ധതിയുടെ ഗുണഫലം ജനങ്ങളിലെത്തിക്കുവാനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് കഴിയുമോ;

(ഇ) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 991 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly